

ക്രിസ്ത്യൻ കോളേജിന്റെ സുവർണ ജൂബിലി മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനം ചെയ്യുന്നു. സജി ചെറിയാൻ, പ്രൊഫ.മാത്യുവർഗീസ്, ഡോ. സഖറിയാസ് മാർ തിയോഫിലസ് മെത്രാപ്പോലീത്ത, ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്ത, എസ്. ശാരികാദേവി, പി.സി. വിഷ്ണുനാഥ് എം.എൽ.എ., എബി കുര്യാക്കോസ് തുടങ്ങിയവർ സമീപം

# സ്വയംഭരണാവകാശം നൽകിയത് ഉന്നത വിദ്യാഭ്യാസരംഗത്തെ നിലവാരത്തകർച്ച തടയാൻ - ഉമ്മൻചാണ്ടി

ചെങ്ങന്നൂർ: വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകിയത് ഉന്നത സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ നിലവാരത്തകർച്ച തടയാനാണെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി പറഞ്ഞു. ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിന്റെ സുവർണ ജൂബിലി ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഉന്നത സാങ്കേതിക വിദ്യാഭ്യാസ മേഖലയിൽ ഉയർന്ന നിലവാരം പുലർത്തുന്നവയുടെ കൂട്ടത്തിൽ കേരളത്തിൽ നിന്നുള്ളവ വളരെ കുറവാണ്. ആ കുറവ് പരിഹരിക്കുന്നതിനാണ് മികച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്വയംഭരണാവകാശം നൽകിയത്.

ഉത്തരവാദിത്വം ഏറ്റെടുത്ത് പ്രവർത്തിക്കാൻ കഴിവുള്ള സ്ഥാപനങ്ങൾക്കാണ് സ്വയംഭരണത്തിന് അവസരം നൽകിയിട്ടുള്ളത്.

കേന്ദ്രസർക്കാരിന്റെ സഹായത്തോടെയും യു.ജി.സി.യുടെ പങ്കാളിത്തത്തോടെയും വിദ്യാർഥികൾക്ക് അറിവിന്റെ പുതിയ അവസരങ്ങൾ നൽകാൻ ശ്രമിക്കും. പുതിയ അവസരങ്ങൾ കണ്ടെത്താനും വെല്ലുവിളികളെ നേരിട്ട് വിജയിക്കാനും അദ്ദേഹം ആഹ്വാനം ചെയ്തു.

കോളേജ് ഓഡിറ്റോറിയത്തിൽ മാനേജർ ഡോ. സഖറിയാസ് മാർ തിയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ച യോഗത്തിൽ മാർത്തോമ്മാസഭയുടെ പരമാധ്യക്ഷൻ ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്ത മുഖ്യപ്രഭാഷണം നടത്തി. ജൂബിലി പദ്ധതികളുടെ ഉദ്ഘാടനവും അദ്ദേഹം നിർവഹിച്ചു.

ജീവകാരുണ്യ പ്രവർത്തനങ്ങൾ പി.സി. വിഷ്ണുനാഥ് എം.എൽ.എ. ഉദ്ഘാടനം ചെയ്തു. ജൂബിലി ആഘോഷ പദ്ധതികൾ കൺവീനർ പ്രൊഫ. ഇ. ദാനിയൽ വിശദീകരിച്ചു.

റിട്ട. ജില്ലാ ജഡ്ജി എസ്. ശാരികാദേവി, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് സജി ചെറിയാൻ, പൂർവ വിദ്യാർഥി സംഘടനാ സെക്രട്ടറി അഡ്വ. എബി കുര്യാക്കോസ്, കൗൺസിലർ സുജൻ ഐക്കര, പ്രിൻസിപ്പൽ പ്രൊഫ. മാത്യു വർഗീസ്, പി.ടി.എ. പ്രസിഡന്റ് തോമസ് മാമ്മൻ, കോളേജ് ബർസാർജി ജോജി ചെറിയാൻ എന്നിവർ പ്രസംഗിച്ചു.

**Mathurbhumi -Feb - 8 - 2014**

## ഇന്ന്

...ിയത്തിൽ ജില്ലാ ഗുസ്തി അസോസിയേഷൻ്റെസംസ്ഥാന സബ്ജൂനിയർ ഗുസ്തി മത്സരം, രാവിലെ ഒൻപതിന്.

...യംകുളം ടൗൺ ഹാളിൽ ദേശീയ അധ്യാപക പരിഷത്ത് സംസ്ഥാനസമ്മേളനം, രാവിലെ പത്തു മുതൽ.

...പ്പാട്: ആർ.കെ. ജംഗ്ഷനിൽ ശാന്തിഗിരി ആശ്രമം ഗുരുസ്ഥാനീയ ശിഷ്യപൂജിതയ്ക്ക് വരവേൽപ്പ്, രാവിലെ പത്തിന്.

...പ്പാട്: മുതുകുളം വടക്ക് കൊട്ടുക്കൽ പോരുർകാം ദേവീക്ഷേത്രത്തിൽ പുനഃപ്രതിഷ്ഠാ വാർഷികം, രാത്രി എട്ടിന് കുത്തിയോട്ടച്ചുവടും പാട്ടും.

...ള്ളുക്കര വിശ്വഭാരതി ഗ്രന്ഥശാലാഹാൾ സൗജന്യ നേത്രചികിത്സാക്യാമ്പും തിമിരശസ്ത്രക്രിയയും, 8-ന്.

...ചെട്ടികുളങ്ങര പുതുകുന്ന് ശ്രീനാരായണ ഗുരുദേവക്ഷേത്രം, ഭാഗവത സപ്താഹയജ്ഞം, അവഭൃതസ്നാനഘോഷയാത്ര 3-ന്.

വെൺമണി കുറ്റിക്കൽപ്പടിക്കു സമീപം, വെൺമണി ക്രൂസേഡ് 10.30-ന്.

പാണ്ടനാട്: അരിപ്പിക്കാവ് ദേവീക്ഷേത്രം, ഭാഗവത സപ്താഹയജ്ഞവും പുനഃപ്രതിഷ്ഠായും 10-ന്.

ചെങ്ങന്നൂർ: മേരിമാതാ ദേവാലയം, തിരുനാളാഘോഷം, കുർബാന 5-ന്.

# ഉന്നതസാങ്കേതിക വിദ്യാഭ്യാസ മികവിന് സ്വയംഭരണകോളജുകൾ: മുഖ്യമന്ത്രി



• ചെങ്ങന്നൂർ ക്രിസ്ത്യൻ കോളജിൻെറ സുവർണജൂബിലി ആഘോഷം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുന്നു.

ചെങ്ങന്നൂർ: ഉന്നതസാങ്കേതിക വിദ്യാഭ്യാസരംഗത്ത് കേരളത്തിന് വേണ്ടത്ര നിലവാരം പുലർത്താൻ കഴിഞ്ഞിട്ടില്ലെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി. ക്രിസ്ത്യൻ കോളജിൻെറ സുവർണജൂബിലി ആഘോഷം ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം. എന്നാൽ, പൊതുവിദ്യാഭ്യാസരംഗത്ത് കേരളത്തിന് ഏറെ നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും മുഖ്യമന്ത്രി പറഞ്ഞു.

ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പട്ടികയിൽ കേരളത്തിലെ കോളജുകൾക്ക് എത്തിച്ചേരാൻ കഴിഞ്ഞിട്ടില്ല. സ്വയംഭരണ കോളജുകൾ വരുന്നതോടെ ഈ കുറവ് പരിഹരിക്കപ്പെടുമെന്നും മുഖ്യമന്ത്രി പറഞ്ഞു. കോളജ് ഓഡിറ്റോറിയത്തിൽ ചേർന്ന ചടങ്ങിൽ മാനേജർ ഡോ. സഖറിയാസ് മാർ തെയോഫിലോസ് സഫ്രഗൻ മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ചു. ജൂബിലി പദ്ധതികൾ ഡോ. ജോസഫ് മാർത്തോമ്മ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്തു. സാമൂഹികക്ഷേമ പദ്ധതികളുടെ ഉദ്ഘാടനം പി.സി. വിഷ്ണുനാഥ് എം.എൽ.എ. നിർവഹിച്ചു. ജൂബിലിപദ്ധതികൾ ഇ രാനിയേൽ അവതരിപ്പിച്ചു. റിട്ട.ജില്ലാ ജഡ്ജി എസ്. ശാരികാദേവി, സജി ചെറിയാൻ, എബി കുര്യാക്കോസ്, സുജൻ ഐക്കര, തോമസ് മാമ്മൻ, കോളജ് പ്രിൻസിപ്പൽ മാത്യു വർഗീസ്, ജോജി ചെറിയാൻ എന്നിവർ പ്രസംഗിച്ചു.

## അനുമോദിക്കും

ചെങ്ങന്നൂർ: വയലാർ അവാർഡ് നേടിയ പ്രവാസി, പ്രശസ്ത ശാസ്ത്രജ്ഞൻ ഇ.പി. മാധവക്കുറി എന്നിവരെ സർഗവേദിയുടെ ആഭിമുഖ്യത്തിൽ ഇന്ന് വൈകിട്ട് നാലിന് ഗവ. ഗേൾസ് വി.എച്ച്.എസ്.എസിൽ അനുമോദിക്കും. ജി. സുധാകരൻ എം.എൽ.എ. സമ്മേളനം ഉദ്ഘാടനംചെയ്യും.

## ഫേസ്ബുക്കിൽ അപമാനകരമായ കമൻറ് രേഖപ്പെടുത്തിയതിന് കേസ്

ചെങ്ങന്നൂർ: ഫേസ്ബുക്കിൽ അപമാനകരമായ കമൻറ് രേഖപ്പെടുത്തിയതിന് പോലീസ് കേസെടുത്തു. പേരിശേരി മാത്തുപടിയിൽ കൃഷ്ണസദനത്തിൽ കെ.ആർ. ശ്രീകുമാറിൻെറ പരാതിയുടെ പേരിലാണ് പോലീസ് കേസ്.

കഴിഞ്ഞ 23-നായിരുന്നു ഇവരുടെ വിവാഹവാർഷികം. ഫേസ്ബുക്കിൽ ഇവരുടെ വിവാഹഫോട്ടോ കണ്ട് ഒരു സ്ത്രീ അപമാനകരമായ കമൻറ് രേഖപ്പെടുത്തിയിരുന്നു. ഇതേത്തുടർന്നാണ് ശ്രീകുമാർ പോലീസിൽ പരാതിപ്പെട്ടത്. പോലീസ് വിശദമായ അന്വേഷണം നടത്തിയിരുന്നു.

**Mangalam Feb -8 -2014**

# ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേ
# സുവർണ്ണ ജൂബിലി നിറവിൽ





ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിലെ സുവർണ്ണ ജൂബിലി ആഘോഷങ്ങൾ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി ഉദ്ഘാടനം ചെയ്യുന്നു.

# കോളേജുകൾക്ക് ഉന്നത വിദ്യാഭ്യാസ രംഗത്ത് നിലവാരമില്ല: ഉമ്മൻചാണ്ടി

ചെങ്ങന്നൂർ: സംസ്ഥാനത്തെ കോളേജുകൾക്ക് ഉന്നത സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നിലവാരമില്ലെന്ന് മുഖ്യമന്ത്രി ഉമ്മൻചാണ്ടി. ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിന്റെ സുവർണ ജൂബിലി ആഘോഷം ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ഇതിനാൽ ഇന്ത്യയിലെ മികച്ച കോളേജുകളുടെ പട്ടിക തയ്യാറാക്കുമ്പോൾ കേരളത്തിൽ നിന്നും ഒരു കോളേജു പോലും ഉൾപ്പെടുന്നില്ല. സ്വയംഭരണാവകാശം നൽകുന്നതോടെ എല്ലാവർക്കും മുൻപന്തിയിൽ എത്തിച്ചേരാൻ സാധിക്കും. അറിവ് നേടാനുള്ള അവസരം ഒരുക്കുക എന്നതാണ് എല്ലാവരും ശ്രദ്ധിക്കേണ്ടത്. കേന്ദ്രത്തിന്റെയും യുജിസിയുടെയും സഹകരണത്തോടെ പുതിയ തലമുറയ്ക്ക് പുതിയ വിദ്യാഭ്യാസ രീതികൾ ലഭ്യമാക്കാൻ സാഹചര്യം ഒരുക്കും. കാലത്തിന്റെ മാറ്റത്തിന് അനുസരിച്ച് വന്നുകൊണ്ടിരിക്കുന്ന പുതിയ അവസരങ്ങൾ കണ്ടെത്താനും വെല്ലുവിളികളെ അതിജീവിക്കാനും നാം ശ്രമിക്കണമെന്നും അദ്ദേഹം പറഞ്ഞു. മാനേജർ ഡോ.സഖറിയാസ് മാർ തെയോഫിലസ് അധ്യക്ഷത വഹിച്ചു.

**Janmabhumi - Feb -8**

# Give More Opportunities to Students, Says Chandy



Chief Minister Oommen Chandy inaugurating the golden jubilee celebration of Christian College, Chengannur, on Friday

**Express News Service**

**Chengannur:** Chief Minister Oommen Chandy said that the decision of the government to grant autonomous status to government and aided colleges in the state will help increase the quality of higher-level technical education in the state. While inaugurating the golden jubilee celebrations of the Chengannur Christian College on Friday he said that at present the value of technical higher education in the state is poor.

"The education sector should take new challenges and should give more opportunities to students," he said.

College manager Zacharias Mar Theophilose Suffragan Metropolitan presided over the function.

Joseph Mar Thoma Metropolitan, president of the Mar Thoma Church, inaugurated the jubilee projects of the college and delivered the keynote address at the occasion.

P C Vishnunath MLA inaugurated the community extension activities as part of the golden jubilee year. Shobha Varughese, chairperson of Chengannur municipality; Aby Kuriakose, secretary of the college alumni association; Saji Cheriyan, president of the sports council; S Sharika Devi, district judge; E Daniel and Thomas Mammen, president of the PTA, spoke at the function.

College principal Mathew Varughese the delivered welcome speech and Jogy Cherian, treasurer of the college, delivered the keynote address at the programme.

**Indian Express Feb -8**

ദേശാഭിമാനി | CHN | A1
email:deshalpy@gmail.com

# സുവർണജൂബിലി ആഘോഷം തുടങ്ങി

ചെങ്ങന്നൂർ: ചെങ്ങന്നൂർ ക്രിസ്ത്യൻ കോളേജിന്റെ സുവർണജൂബിലി ആഘോഷം മുഖ്യമന്ത്രി ഉമ്മൻചാണ്ടി ഉദ്ഘാടനംചെയ്തു. ഡോ. സഖറിയാസ് മാർ തെയോഫിലസ് സഫ്രഗൻ മെത്രാപൊലീത്ത അധ്യക്ഷനായി. അനുഗ്രഹപ്രഭാഷണവും ജൂബിലി പദ്ധതികളുടെ ഉദ്ഘാടനവും ഡോ. ജോസഫ് മർത്തോമാ മെത്രാപ്പൊലീത്ത നിർവഹിച്ചു. ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് സജി ചെറിയാൻ, എസ് ശാരികാദേവി, അഡ്വ. എബി കുര്യാക്കോസ്, സുജൻ ഐക്കര, തോമസ് മാമ്മൻ, ജോജി ചെറിയാൻ എന്നിവർ സംസാരിച്ചു. പ്രിൻസിപ്പൽ പ്രൊഫ. മാത്യു വർഗീസ് സ്വാഗതം പറഞ്ഞു.

## അക്ഷരയാത്രയ്ക്ക് വരവേൽപ്പ്

അമ്പലപ്പുഴ: സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിൽ നടത്തുന്ന അക്ഷരയാത്രയ്ക്ക് നീർക്കുന്നം എസ്ഡിവി ഗവ. യുപി സ്കൂളിൽ വമ്പിച്ച വരവേൽപ്പ് നൽകി. സമ്മേളനം ജി സുധാകരൻ എംഎൽഎ ഉദ്ഘാടനംചെയ്തു.

സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടർ പ്രൊഫ. നെടുമുടി ഹരികുമാർ അധ്യ [illegible]

**Feb - 8- 2014**